# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1887

06.07.2015-ൽ മറുപടിയ്ക്ക്.

## വാഹനങ്ങളുടെ അമിതവേഗം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ.ബഷീർ | | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | ഹൈവേകളിൽ സ്ഥാപിച്ച ക്യാമറകളിൽ നിന്നുള്ള വിവരമനുസരിച്ച് 2015 ഏപ്രിൽ 30 വരെ അമിതവേഗത്തിൽ പോയ എത്ര വാഹന ഉടമകൾക്ക് നോട്ടീസയച്ചിട്ടുണ്ട്; എത്രപേർ പിഴയടച്ചിട്ടുണ്ട് ; | (എ) | അമിത വേഗത്തിൽ പോയ 15481 വാഹനങ്ങൾക്ക് 2014 വർഷത്തിലും, 4188 വാഹനങ്ങൾക്ക് 2015 ഏപ്രിൽ 30 വരെയും നോട്ടീസ് അയച്ചിട്ടുണ്ട്. അതിൽ 2014 വർഷത്തിൽ 5220 പേരും 2015 ഏപ്രിൽ 30 വരെ 1017 പേരും പിഴ അടയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇവരിൽ മന്ത്രിമാർ, എം.എൽ.എ മാർ, ഐ.എ.എസ്, ഐ.പി.എസ് ഉദ്യോഗസ്ഥർ എന്നിവരുൾപ്പെടെ എത്ര പേരുടെ ഔദ്യോഗിക വാഹനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ; ഇതിൽ എത്ര പേർ പിഴയടച്ചിട്ടുണ്ട് ; | (ബി) | ഇവരിൽ മന്ത്രിമാർ, എം.എൽ.എ മാർ, ഐ.എ.എസ് , ഐ.പി.എസ് ഉദ്യോഗസ്ഥർ എന്നിവരുടെ ഔദ്യോഗിക വാഹനങ്ങൾ ഉൾപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ മറ്റ് ഔദ്യോഗിക വാഹനങ്ങൾ 2014-ൽ 93 എണ്ണവും 2015 ഏപ്രിൽ 30 വരെ 15 എണ്ണവും ഉൾപ്പെട്ടിട്ടുള്ളതും, അതിൽ 2014 ൽ 39 പേരും 2015 ഏപ്രിൽ 30 വരെ 4 പേരും പിഴ അടച്ചിട്ടുള്ളതുമാണ്. |
| (സി) | വേഗ നിയന്ത്രണ നിയമ വ്യവസ്ഥകളിൽ നിന്നും ആർക്കെങ്കിലും ഇളവ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (സി) | ആർക്കും ഇളവ് നൽകാറില്ല. |

| | | | |
|---|---|---|---|
| (ഡി) | പിഴ ഈടാക്കുന്ന കാര്യത്തിൽ മന്ത്രിമാരെ ഒഴിവാക്കുകയും സാമാജികരെ ഉൾപ്പെടുത്തുകയും ചെയ്യുന്നതിന്റെ കാരണം വ്യക്തമാക്കുമോ? | (ഡി) | ഇപ്രകാരം പിഴ ചുമത്തുന്നതിൽ നിന്നും ആരുടേയും വാഹനങ്ങൾ ഒഴിവാക്കാറില്ല. |

സെക്ഷൻ ഓഫീസർ